**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 662

04.03.2020 ലെ മറുപടിയ്ക്ക്.

**പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ക്ഷേമ പദ്ധതികളുടെ ഏകീകരണം**

| | ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>,, എൻ. ഷംസുദ്ദീൻ<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, സി.മമ്മൂട്ടി | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കുന്ന പദ്ധതികൾ ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടും പരിപൂർണ്ണമായും നടപ്പിലായിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പഠനമുറി, വിവാഹ ധനസഹായം, ഭൂമി വാങ്ങുന്നതിനുള്ള സഹായം തുടങ്ങിയ പദ്ധതികൾക്കുള്ള മാനദണ്ഡങ്ങളും വരുമാന പരിധിയും വ്യത്യസ്തമായിട്ടുള്ളതിനാൽ ഇതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പദ്ധതികൾ ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണെന്ന് 14.02.2018 ലെ സ.ഉ.(കൈ) നം. 22/2018/തസ്വഭ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്നു വരുന്ന സാമ്പത്തിക വർഷത്തിൽ തയ്യാറാക്കുന്ന മാർഗ്ഗരേഖയിൽ ഇനിയും തുകകൾ ഏകീകരിക്കുന്നതിനും അന്തരങ്ങൾ പരിഹരിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**